പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2115

08.03. 2018 ൽ മറുപടിക്ക്

## വൈദ്യുതി വകുപ്പിലെ മീറ്റർ റീഡർ തസ്തിക

ചോദ്യം

ശ്രീ. മോൻസ് ജോസഫ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിലെ മീറ്റർ റീഡർ തസ്തികയിലെ നിയമനത്തിനു വേണ്ടി ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; ഇതുസംബന്ധിച്ചുള്ള കോടതി വിധിക്കെതിരെ അപ്പീൽ പോയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.<br>മീറ്റർ റീഡർ നിയമനത്തെ സംബന്ധിച്ച കോടതി വിധിക്കെതിരെ അപ്പീൽ പോയിട്ടുണ്ട്. മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട W.P (C) No.30039/2016 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 04.01.2018 ൽ പുറപ്പെടുവിച്ച വിധി നിലവിലുണ്ട്. എന്നാൽ മേൽ ഹൈക്കോടതി ഉത്തരവിനെതിരെ കെ.എസ്.ഇ.ബി എൽ അപ്പീൽ ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവ് ലഭിച്ചിട്ടുള്ളതുമാണ്. മീറ്റർ റീഡർ തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട കോടതിയിൽ രണ്ട് അപ്പീലുകൾ പോയിട്ടുള്ളതാണ്.<br>(1) W.A. No.173/2018<br>(2) W.A No.188/2018<br>പ്രസ്തുത അപ്പീലുകളിൽ യഥാക്രമം 18.01.2018, 19.01.2018 തീയതികളിൽ ബഹുമാനപ്പെട്ട കോടതി സ്റ്റേ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ ഏതെങ്കിലും കമ്പനിയുമായി കരാറിൽ ഒപ്പിട്ടിട്ടുണ്ടോ; പ്രസ്തുത കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി എൽ.ഒരു കമ്പനികളുമായും കരാറിൽ ഒപ്പ് വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ